# സാമൂഹ്യശാസ്ത്രം I

## അധ്യായം 5



# സംസ്കാരവും ദേശീയതയും

1. വിവിധ ഭാഷകളിൽ രചിക്കപ്പെട്ട സാഹിത്യകൃതികൾ ഇന്ത്യൻ ദേശീയതയുടെ ആവിർ ഭാവത്തിന് വഴിതെളിച്ചതെങ്ങനെ?

➔ ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന ജീർണതകൾക്കും ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തിനും എതിരായ പ്രതിഷേധം സാഹിത്യത്തിലും പ്രതിഫലിച്ചു.

➔ രാജ്യത്തിന്റെ ഓരോ ഭാഗത്തും ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും പ്രതിസന്ധികളും സാഹിത്യകാരന്മാർ തങ്ങളുടെ കൃതികളിൽ ചിത്രീകരിച്ചു.

➔ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി ഭരണത്തിനെതിരെ പ്രതിഷേധിക്കാൻ മുന്നോട്ടുവന്നു.

➔ കവിതകൾ, കഥകൾ, നാടകങ്ങൾ, നോവലുകൾ തുടങ്ങിയവയിലൂടെ എഴുത്തുകാർ തങ്ങളുടെ പ്രതിഷേധം ജനങ്ങളുമായി പങ്കുവച്ചു.

➔ ജനങ്ങളിൽ ചൂഷണ വിരുദ്ധ മനോഭാവവും സ്വന്തം രാജ്യത്തോട് ഇഷ്ടവും വളർത്താൻ സാധിച്ചു.

➔ മാതൃരാജ്യത്തെ പ്രകീർത്തിച്ചുകൊണ്ട് പ്രദേശികഭാഷകളിൽ രചിക്കപ്പെട്ട കൃതികൾ നിരക്ഷരരായ ജനങ്ങളും സാക്ഷരരായ വരേണ്യവർഗവും തമ്മിലുള്ള അന്തരം കുറച്ചു.

2. ഇന്ത്യൻ അസോസിയേഷൻ സ്ഥാപിച്ചതാര്?

➔ സുരേന്ദ്രനാഥ ബാനർജി

3.'വന്ദേമാതരം' എന്ന ഗാനം ഏത് കൃതിയിൽ നിന്നാണ് എടുത്തിട്ടുള്ളത് ?

➔ ആനന്ദമഠം

4. വിവിധ ഭാഷകളിൽ രചിക്കപ്പെട്ട സാഹിത്യകൃതികളും രചയിതാക്കളെയും അവയ്ക്ക് ആസ്പദമായ പ്രമേയവും  പട്ടികപ്പെടുത്തുക?

| **കൃതികൾ** | **രചയിതാവ്** | **പ്രമേയം** |
|---|---|---|
| ആനന്ദമഠം | ബങ്കിം ചന്ദ്ര ചാറ്റർജി | ബംഗാളിലെ കർഷകർ നടത്തിയ സന്യാസികലാപം. |
| നീൽദർപ്പൺ | ദിനബന്ധു മിത്ര | ബംഗാളിലെ നീലം കർഷകർ നേരിടുന്ന ചൂഷണം. |
| 'സാരേ ജഹാം സേ അച്ഛാ' | അല്ലാമാ മുഹമ്മദ് ഇഖ്ബാൽ | ഇന്ത്യയുടെ പ്രകൃതിഭംഗിയെയും ജനങ്ങളുടെ ഐക്യത്തെയും പാടിപുകഴ്ത്തി. |

5. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സാഹിത്യകാരന്മാർ വഹിച്ച പങ്ക് വ്യക്തമാക്കുന്ന പട്ടിക തയ്യാറാക്കുക.

| **കൃതികൾ** | **എഴുത്തുകാർ** | **ഭാഷ** |
|---|---|---|
| • ഗോര<br>• ഗീതാഞ്ജലി | • രവീന്ദ്രനാഥ ടാഗോർ | • ബംഗാളി |
| • സേവാസദൻ<br>• പ്രേമാശ്രമം<br>• രംഗഭൂമി<br>• ഗോദാൻ | • പ്രേംചന്ദ് | • ഹിന്ദി |
| • പാഞ്ചാലിശപഥം<br>• കളിപ്പാട്ട്<br>• കണ്ണൻപാട്ട്<br>• കുയിൽപാട്ട് | • സുബ്രഹ്മണ്യഭാരതി | • തമിഴ് |
| • ഹയാത്ത് -ഇ-സാദി,<br>• ഹയാത്ത്-ഇ-ജവീദ് | • അൽത്താഫ് ഹുസൈൻ ഹാലി | • ഉർദു |
| • നിബന്ധമാല | • വിഷ്ണുകൃഷ്ണ ചിപ്ളുങ്കർ | • മറാത്തി |
| • എന്റെ ഗുരുനാഥൻ<br>• ബാപ്പൂജി<br>• ഇന്ത്യയുടെ കരച്ചിൽ | • വള്ളത്തോൾ നാരായണമേനോൻ | • മലയാളം |

SPJMTDMHS THONDERNAD

6. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിൽ ചിത്രകാരന്മാരും നിർണായക പങ്ക് വഹിച്ചു. ഈ പ്രസ്താവന ചർച്ച ചെയ്യുക.

- ഇന്ത്യൻ സമൂഹത്തിന്റെ അവസ്ഥ ചിത്രീകരിച്ചു.
- ഇന്ത്യയിലെ ജനങ്ങൾക്ക് ആഹാരം, വസ്ത്രം, വിജ്ഞാനം എന്നിവ നൽകുന്ന ഭാരതമാതാവിന്റെ ചിത്രം അബനീന്ദ്രനാഥ ടാഗോർ ചിത്രീകരിച്ചു.
- ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് കൽക്കത്തയിൽ അബനീന്ദ്രനാഥ ടാഗോർ സ്ഥാപിച്ചു.
- രാജാ രവിവർമ ഇന്ത്യൻ പുരാണങ്ങളിലെയും വിവിധ സാഹിത്യകൃതികളിലെയും വിവിധ സന്ദർഭങ്ങൾ ചിത്രീകരിച്ചു.
- നന്ദലാൽ ബോസ് ശ്രദ്ധേയമായ സാഹിത്യകൃതികളിൽ നിന്നും ചരിത്രസംഭവങ്ങളിൽ നിന്നുമുള്ള സന്ദർഭങ്ങളെ വിഷയങ്ങളാക്കി.
- നന്ദലാൽ ബോസിന്റെ ചിത്രമാണ് സതി. സതി എന്ന ദുരാചാരത്തിനെതിരെ മനോഭാവം വളർത്താൻ ഈ ചിത്രം സഹായിച്ചു.
- അമൃതഷെർഗിൽ ഇന്ത്യയുടെ ഗ്രാമത്തിലെ ദുരിത ജീവിതം വെളിച്ചം കുറഞ്ഞ വർണങ്ങളിൽ ചിത്രീകരിച്ചു.

7. സ്വദേശി സമരകാലത്ത് ആദ്യമായി രൂപം നൽകിയ ദേശിയ പതാകയിലെ എട്ടു താമരകൾ എന്തിനെയാണ് പ്രതിനിധീകരിക്കുന്നത്.? അതിലെ അർധചന്ദ്രൻ എന്തിനെ സൂചിപ്പിക്കുന്നു?

- എട്ടുപ്രവിശ്യകളെ ,
- ഹിന്ദു-മുസ്ലിം ഐക്യം

8. ഗാന്ധിജിയുടെ നേതൃത്വത്തിൽ രൂപം നൽകിയ ദേശീയ പതാകയിലെ ചർക്ക എന്തിനെ സൂചിപ്പിക്കുന്നു?

- ഇന്ത്യൻ ജനതയുടെ സ്വാശ്രയത്വം
- വിദേശാധിപത്യത്തിനെതിരായ പ്രതിഷേധം.

9. ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചതാര്?

- അബനീന്ദ്രനാഥ ടാഗോർ

10. 1938 ൽ ഹരിപുരയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ പ്രദർശിപ്പിച്ച ചിത്രം ഏത്?

- ഗ്രാമീണ ചെണ്ടക്കാരൻ

SPJ MTDMHS THONDERNAD

11. ദേശീയത വളർത്തുന്നതിന് സഹായിച്ച ചിത്രങ്ങളും ചിത്രകാരന്മാരെയും പട്ടികപ്പെടുത്തുക.

| ചിത്രങ്ങൾ | ചിത്രകാരന്മാർ |
|---|---|
| • ഭാരതമാത | • അബനീന്ദ്രനാഥ ടാഗോർ |
| • സതി<br>• ഗ്രാമീണ ചെണ്ടക്കാരൻ | • നന്ദലാൽ ബോസ് |
| • ഗ്രാമീണ ജീവിതം | • അമൃത ഷേർഗിൽ |
| • കാളിദാസന്റെ ശാകുന്തളത്തിൽ നിന്നുള്ള രംഗം | • രാജാ രവിവർമ |

Prepared by
SHIBU P J
MTDMHSS THONDERNAD
WAYANAD
9747585905

SPJ MTDMHS THONDERNAD